## കണ്ണൂർ മുനിസിപ്പിൽ കോർപ്പറേഷൻ LSGD (LID &EW)
## കണ്ണൂർ - 670001
e-mail : selsgdknrcorp@gmail.com


No. E8-14096/20 03/02/2024

### പുനഃർ ദർഘാസ് പരസ്യം

കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ പ്രവർത്തിക്കുന്ന എഞ്ചിനിയറിംഗ് വിഭാഗത്തിൻറെ ഔദ്യോഗിക ആവശ്യത്തിലേക്ക് 2023 2024 സാമ്പത്തിക വർഷത്തിൽ എ സി കാർ പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി,കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

ക്വട്ടേഷൻ വിതരണം ചെയ്യുന്ന അവസാന തീയതി : 08/02/2024 വൈകുന്നേരം 5 മണി.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 12/02/2024 വൈകുന്നേരം 3.30 മണി.

ക്വട്ടേഷൻ തുറക്കുന്ന സമയം : 13/02/2024 വൈകുന്നേരം 11 മണി.

<u>വ്യവസ്ഥകൾ</u>

1. ഒരു മാസം 2000 കി.മീ. ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധിക നിരക്ക് കണക്കാക്കുന്നത് 3 മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ളോക്കായി തിരിച്ച് 6000 കി.മീ. അധികരിക്കുമ്പോഴായിരിക്കും. ആയതിന് 2000 കി.മീ. ദൂരം അധികരിച്ചുള്ള ഓരോ കിലോ മിറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.
2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 400/- രൂപയുടെ മുദ്രപ്പത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതാണ്.
3. ഇന്ധനചെലവ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ്, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.
4. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

Page 9 of 9 Ver 1.0.1 20/11/2023 14:45:06

5. ആഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

6. കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN ഉണ്ടായിരിക്കേണ്ടതാണ്.

7. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹാജരാക്കേണ്ടതും കരാർ ലഭിക്കുന്ന തുകയുടെ 1% TDS ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്.

8. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

9. അവധി ദിനങ്ങൾ ഉൾപ്പെടെ ഏതു ദിവസവും ആഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

10. കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിലുണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.

11. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

12. ഓഫീസിൽ നിന്നും പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.

13. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

14. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.

15. പൂരിപ്പിച്ച ദർഘാസുകൾ സ്പീഡ് പോസ്റ്റ്/ രജിസ്ട്രേഡ് പോസ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(LID &EW)
കണ്ണൂർ മുനിസിപ്പിൽ കോർപ്പറേഷൻ

പകർപ്പ് 1) ഐ കെ എം കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ